ആരോഗ്യവകുപ്പുമന്ത്രിക്കുവേണ്ടി വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) : സർ, സംസ്ഥാന സർക്കാരിന്റേയും റോൾഡ് ഇൻഡ്യാ ഡയബറ്റിസ് ഫൗണ്ടേഷന്റേയും സംയുക്ത സംരംഭമായിട്ടാണ് ഈ സ്ഥാപനം ആരംഭിച്ചത്. അന്തർദേശീയ നിലവാരമുള്ള സ്ഥാപനമായി ഉയർത്താനുള്ള ശ്രമം തുടക്കം മുതലേ ആരംഭിച്ചിരുന്നു. പക്ഷേ നഗരത്തിൽ നിന്നും വളരെ ദൂരെയായതുകൊണ്ട് പുലയനാർകോട്ടയിൽ എത്തിച്ചേരുന്ന രോഗികളുടെ എണ്ണം കുറവായിരുന്നു. അതോടൊപ്പം തന്നെ പുലയനാർകോട്ടയിൽ ചികിത്സ നടത്തുന്നതിന് പകരം ഔട്ട് പേഷ്യന്റ്സിന് ഒരു സിറ്റി സെന്റർ നഗരത്തിൽ ആരംഭിക്കാൻ തീരുമാനിച്ചു. അങ്ങനെയാണ് പബ്ലിക് ഹെൽത്ത് ലബോറട്ടറിയോടനുബന്ധിച്ച് ആ കെട്ടിടത്തിൽ 19-4-2004 മുതലാണ് ഈ സിറ്റി സെന്റർ ആരംഭിച്ചത്. ഈ സിറ്റി സെന്ററിൽ എം.ഡി. യോഗ്യതയുള്ള മൂന്ന് ഡോക്ടർമാരുണ്ട്. അതുപോലെതന്നെ ലബോറട്ടറിയും അതോടൊപ്പം പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ രണ്ടര മാസത്തിനുള്ളിൽ ഏതാണ്ട് മുന്നൂറോളം പ്രമേഹ രോഗികൾ ഇവിടെ എത്തുകയും ചെയ്തിട്ടുണ്ട്. നാളിതുവരെ 30 ലക്ഷം രൂപയാണ് ഗ്രാന്റായി സംസ്ഥാന സർക്കാർ നൽകിയത്. പുലയനാർകോട്ടയിൽ സർക്കാർ അനുവദിച്ച സ്ഥലത്ത് അഞ്ചു നില കെട്ടിടം നിർമ്മിക്കാനുള്ള പദ്ധതിക്കാണ് രൂപം കൊടുത്തത്. അതിന്റെ പ്ലാൻ ചീഫ് ടൗൺ പ്ലാനർ നൽകുകയും ചെയ്തിട്ടുണ്ട്. കേന്ദ്രത്തിന് 15 കോടി രൂപയുടെ സാമ്പത്തിക സഹായത്തിനുവേണ്ടി അപേക്ഷ നൽകിയിട്ടുണ്ട്. റോൾഡ് ഇൻഡ്യാ ഡയബറ്റിസ് ഫൗണ്ടേഷന്റേയും കേന്ദ്ര സർക്കാരിന്റേയും സഹായം കിട്ടുന്ന മുറയ്ക്ക് കെട്ടിടം പണി ആരംഭിക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നു. പ്രമേഹ രോഗത്തിന് ചികിത്സയ്ക്കും ഗവേഷണത്തിനുമുള്ള ഈ സ്ഥാപനം ഒരു ലോക നിലവാരമുള്ള സ്ഥാപനമാക്കി ഉയർത്താൻ സാധിക്കും എന്നുള്ള പ്രതീക്ഷയാണ് ഇപ്പോഴും ഗവൺമെന്റ് വച്ചു പുലർത്തുന്നത്. നിയസഭയുടെ പ്രാതിനിധ്യം ഉണ്ടാകണമെന്ന ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം പരിഗണിക്കുന്നതാണ്.

IV. മേശപ്പുറത്തുവച്ച കടലാസുകൾ

I. മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

1. നോട്ടിഫിക്കേഷൻ നമ്പർ 18438-I/എസ്.എസ്.എ.4/04/റോം തീയതി 31-3-2004 (എസ്.ആർ.ഒ. നമ്പർ 311/04).

2. നോട്ടിഫിക്കേഷൻ നമ്പർ 18438-II/എസ്.എസ്.എ.4/04/ഹോം തീയതി 31-3-2004 (എസ്.ആർ.ഒ. നമ്പർ 312/04).

3. നോട്ടിഫിക്കേഷൻ നമ്പർ 18438-III/എസ്.എസ്.എ.4/04/ഹോം തീയതി 31-3-2004 (എസ്.ആർ.ഒ. നമ്പർ 313/04).

4. നോട്ടിഫിക്കേഷൻ നമ്പർ 18438-I/എസ്.എസ്.എ.4/04/ഹോം തീയതി 8-6-2004 (എസ്.ആർ.ഒ. നമ്പർ 594/04).

LIBRARY ARCHIVES Kerala Legislative Assembly

5. നോട്ടിഫിക്കേഷൻ നമ്പർ 18438-II/എസ്.എസ്.എ.4/04/ഹോം തീയതി 8-6-2004 (എസ്.ആർ.ഒ. നമ്പർ 595/04).

6. ജി. ഒ.(എം.എസ്.) നമ്പർ 378/03/ജി.എ.ഡി. തീയതി 22-12-2003 (എസ്.ആർ.ഒ. നമ്പർ 45/04) കാലതാമസത്തിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് സഹിതം.

7. റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കറക്ഷണൽ അഡ്മിനിസ്ട്രേഷന്റെ 1998-99, 1999-2000, 2000-2001-ലെ വാർഷിക കണക്കുകളും ആഡിറ്റ് റിപ്പോർട്ടും കാലതാമസത്തിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് സഹിതം.

II. തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

ജി.ഒ.(പി)നമ്പർ 151/04 തീയതി 23-4-2004 (എസ്.ആർ.ഒ. നമ്പർ 429/04).

III. തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രിക്കുവേണ്ടി ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ഞാൻ താഴെ പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

കേരള ബാംബൂ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2000-01, 2001-02, 2002-03 വർഷങ്ങളിലെ വാർഷിക റിപ്പോർട്ട് കാലതാമസത്തിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് സഹിതം.

IV. ഗതാഗത വകുപ്പുമന്ത്രിക്കുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു.

1. ജി. ഒ.(ആർ.ടി.) നമ്പർ 122/04/ട്രാൻ. തീയതി 30-3-2004 (എസ്.ആർ.ഒ. നമ്പർ 556/04).

2. ജി. ഒ.(ആർ.ടി.) നമ്പർ 123/04/ട്രാൻ. തീയതി 30-3-2004 (എസ്.ആർ.ഒ. നമ്പർ 557/04).

3. ജി. ഒ.(ആർ.ടി.) നമ്പർ 124/04/ട്രാൻ. തീയതി 30-3-2004 (എസ്.ആർ.ഒ. നമ്പർ 558/04).

4. ജി. ഒ.(ആർ.ടി.) നമ്പർ 125/04/ട്രാൻ. തീയതി 30-3-2004 (എസ്.ആർ.ഒ. നമ്പർ 559/04).

5. ജി. ഒ.(ആർ.ടി.) നമ്പർ 198/04/ട്രാൻ. തീയതി 7-6-2004 (എസ്.ആർ.ഒ. നമ്പർ 586/04).

LIBRARY ARCHIVES Kerala Legislative Assembly

V. ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്ബ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

നോട്ടിഫിക്കേഷൻ നമ്പർ 32389/കാഡ1/03/ഡബ്ല്യൂ.ആർ.ഡി. തീയതി 9-1-2004 (എസ്.ആർ.ഒ. നമ്പർ 64/04) കാലതാമസത്തിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് സഹിതം.

VI. വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

1. ജി. ഒ.(ആർ.ടി.) നമ്പർ 1040/03/ഐ.ഡി. തീയതി 7-10-2003 (എസ്.ആർ.ഒ. നമ്പർ 29/04) കാലതാമസത്തിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് സഹിതം.

2. ജി. ഒ.(ആർ.ടി.) നമ്പർ 1041/03/ഐ.ഡി. തീയതി 7-10-2003 (എസ്.ആർ.ഒ. നമ്പർ 30/04) കാലതാമസത്തിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് സഹിതം.

3. കേരള സ്റ്റേറ്റ് കാഷ്യൂ ഡവലപ്മെന്റ് കോർപ്പറേഷന്റെ 2000-01-ലെ വാർഷിക റിപ്പോർട്ടും കണക്കുകളും കാലതാമസത്തിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് സഹിതം.

4. കേരള സ്റ്റേറ്റ് പാൽമിറാ പ്രോഡക്ട്സ് ഡവലപ്മെന്റ് വർക്കേഴ്സ് വെൽഫെയർ കോർപ്പറേഷന്റെ (കെൽപാം) 2000-01-ലെ വാർഷിക റിപ്പോർട്ട് കാലതാമസത്തിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് സഹിതം.

5. കേരള സ്റ്റേറ്റ് ബാംബു കോർപ്പറേഷന്റെ 1999-2000-ലെ വാർഷിക റിപ്പോർട്ട് കാലതാമസത്തിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് സഹിതം.

VII. റവന്യൂവും നിയമവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

1. ജി. ഒ.(എം.എസ്.) നമ്പർ 389/02/ആർ.ഡി. തീയതി 23-12-2002 (എസ്.ആർ.ഒ. നമ്പർ 18/03) കാലതാമസത്തിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് സഹിതം.

2. കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്റ്റ് അനുസരിച്ച് സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് കോട്ടയം, പത്തനംതിട്ട, എറണാകുളം, പാലക്കാട് ജില്ലകളിൽ നടത്തിയ പഠന റിപ്പോർട്ട്.

LIBRARY ARCHIVES Kerala Legislative Assembly

VIII. മരാമത്ത് വകുപ്പുമന്ത്രിക്കുവേണ്ടി തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

നോട്ടിഫിക്കേഷൻ നമ്പർ 3792/എച്ച്1/04/പി.ഡബ്ല്യു.ഡി. തീയതി 4-6-2004 (എസ്.ആർ.ഒ. നമ്പർ 573/04).

IX. സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ.(പി)നമ്പർ 74/04/സഹകരണം തീയതി 31-3-2004 (എസ്.ആർ.ഒ. നമ്പർ 265/04).
2. ജി.ഒ.(പി)നമ്പർ 114/04/സഹകരണം തീയതി 16-4-2004 (എസ്.ആർ.ഒ. നമ്പർ 446/04).
3. ജി.ഒ.(പി)നമ്പർ 126/04/സഹകരണം തീയതി 25-6-2004 (എസ്.ആർ.ഒ. നമ്പർ 546/04).
4. ജി.ഒ.(പി)നമ്പർ 131/04/സഹകരണം തീയതി 25-5-2004 (എസ്.ആർ.ഒ. നമ്പർ 605/04).

X. ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്): സർ, ഞാൻ താഴെക്കാണുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ 1998-99-ലെ വാർഷിക ഭരണ റിപ്പോർട്ട് കാലതാമസത്തിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് സഹിതം.

V. ക്രമപ്രശ്നം

ജസ്റ്റിസ് മോഹൻകുമാർ കമ്മീഷൻ റിപ്പോർട്ട് സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതിലുണ്ടാകുന്ന കാലതാമസം സംബന്ധിച്ച്

ശ്രീ. എ. കെ. ബാലൻ: സർ, കല്ലുവാതുക്കൽ മദ്യ ദുരന്തവുമായി ബന്ധപ്പെട്ട് അന്വേഷണത്തിനായി നിയോഗിക്കപ്പെട്ട ജസ്റ്റിസ് മോഹൻകുമാർ കമ്മീഷൻ റിപ്പോർട്ട് 25-2-2003-ന് സർക്കാരിന് നൽകിയതാണ്. മൂന്നു പ്രാവശ്യം ഞാൻ ഈ അസംബ്ലിയിൽ ഈ പ്രശ്നം കൊണ്ടുവന്നതാണ്. ആറ് മാസത്തിനുള്ളിൽ ആക്ഷൻ ടേക്കൺ റിപ്പോർട്ടോടുകൂടി ഈ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്. 5-7-2004-ന് എന്റെ ചോദ്യത്തിന് ഉത്തരമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ജസ്റ്റിസ് മോഹൻകുമാർ കമ്മീഷൻ റിപ്പോർട്ട് 25-2-2003-ന്

LIBRARY ARCHIVES Kerala Legislative Assembly